വികസനപ്രവർത്തനങ്ങളുടെ District wise break up.

*1505 [17] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള 1959-60-ലെ വികസന പ്രവർത്തനങ്ങളുടെ District wise break up നടത്തിയതായി അറിയാമോ;

(ബി) അഡ്വൈസറി കമ്മിറ്റികളോടാലോചിക്കാതെയുള്ള District-wise break up-മൂലം ചില ജില്ലകൾക്ക് അനർഹമായ ആനുകൂല്യങ്ങൾ ഉണ്ടാകുകയും അതിന്റെ ഫലമായി ചില ജില്ലകൾക്ക് നഷ്ടമുണ്ടാവുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1959-60-ലേക്കുള്ള District-wise break up പുനഃപരിശോധിക്കുവാൻ ഗവണ്മെന്റ് തയാറാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) സ്റ്റോറപ്ലാനിംഗ് അഡ്വൈസറി ബോർഡാണ്.

(ബി) ഇല്ല.

(സി) ഡിസ്ട്രിക്റ്റ് പ്ലാൻ അച്ചടിച്ചുകഴിഞ്ഞ സ്ഥിതിക്ക് പുനഃപരിശോധന ചെയ്യുവാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സ്റ്റോറപ്ലാനിംഗ് അഡ്വൈസറി ബോഡ് ശുപാർശ ചെയ്ത പ്രകാരമാണോ ഡിസ്ട്രിക്റ്റ് വൈസ് ബ്രേക്കപ്പ് നടത്തിയത്?

ശ്രീ. പി. കെ. ചാത്തൻ: അതെ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വികസനപ്രവർത്തനങ്ങൾക്ക് നീക്കിവച്ചിരുന്നസംഖ്യ പുനർവിനിയോഗം ചെയ്തുകൊണ്ട് ചില ഡിസ്ട്രിക്റ്റുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന പല സ്കീമുകളും ആ ഡിസ്ട്രിക്റ്റിനു നഷ്ടപ്പെട്ടിട്ടുണ്ടെന്ന ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 313 വീടുകൾ പട്ടികജാതിക്കാർക്കുവേണ്ടി പണിയുവാൻ ഉദ്ദേശിച്ചിരുന്നതിൽ ചില ഡിസ്ട്രിക്റ്റിൽ പതിനഞ്ചും, ചില ഡിസ്ട്രിക്റ്റിൽ 125-ും, വീടുകൾ നിർമ്മിക്കുവാൻ പോകുന്നതായി കാണുന്നുണ്ട്. ഇങ്ങനെ കൂടുതലും കുറവും വരുന്നതിന്റെ കാരണമെന്താണെന്ന് പറയാമോ?

ശ്രീ പി. കെ. ചാത്തൻ: ഈ വീടുകൾ ഓരോയുള്ള കോട്ടാ അനുസരിച്ച് ഓരോ ഡിസ്ട്രിക്റ്റിലും വിഹിതം ചെയ്യുന്നതു ജനസംഖ്യയുടെ തോതു വച്ചുകൊണ്ടാണ്. ഇതുകൂടാതെ ചില ഡിസ്ട്രിക്റ്റിൽ ചില പ്രത്യേക സ്കീമും ഉണ്ട്. അതായതു് കുത്താളി, പന്നത്തടി ഇങ്ങനെ ചില സ്കീം. ചില ഡിസ്ട്രിക്റ്റിലുണ്ട്. ഈ സ്കീം പ്രകാരമുള്ള വീടുകൾകൂടി ഉണ്ടാകുമ്പോൾ ചില ഡിസ്ട്രിക്റ്റിൽ കൂടുതൽ വീടുകളുണ്ടാകും. അങ്ങനെയാണ് ചില ഡിസ്ട്രിക്റ്റിൽ കൂടുതലും, ചില ഡിസ്ട്രിക്റ്റിൽ കുറവും വീടുകൾ വരുന്നതു്. 6 ലക്ഷം രൂപാ ഈ ഭവന നിർമ്മാണത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ സംഖ്യ എല്ലാ ഡിസ്ട്രിക്റ്റിലും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയാണ് ചെയ്യുന്നതു്.

ശ്രീ. ആർ ബാലകൃഷ്ണപിള്ള: 8 ലക്ഷം രൂപ ചെലവുചെയ്ത് മോഡൽ വെൽഫെയർ ഹൗസസ് പണിയുവാൻ പോകുന്നുണ്ട്. അതിൽ ചില ഡിസ്ട്രിക്റ്റിനു അനർഹമായി കൂടുതൽ വീടുകൾ കൊടുത്തിട്ടുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. ചാത്തൻ: മോഡൽ വെൽഫെയർ ഹൗസസ് സ്കീം മലബാറിലും, തിരുവിതാംകൂർ-കൊച്ചിയിലും ഒരേ തരത്തിലല്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതു ഇപ്പോൾ മാറ്റമാണ് ഏകീകരിക്കുന്നതു്. അതു് ഏകീകരിച്ചുവരുമ്പോൾ ഈ വ്യത്യാസം ഉണ്ടാകുകയില്ല.

ശ്രീ. ആർ. പ്രകാശം : ഡിസ്പ്രിക്റ്റ് പ്ലാൻ ബ്രേക്കപ്പ് ചെയ്തു അച്ചടിച്ചു കഴിഞ്ഞസ്ഥിതിക്കു് അതുമാറ്റുവാൻ സാധ്യമല്ലെന്നു പറഞ്ഞു. ഇവിടെ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ വീണ്ടും അതൊന്നു പരിശോധിക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഡിസ്പ്രിക്റ്റ് വൈസ് ബ്രേക്കപ്പ് ചെയ്തു് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡിസ്പ്രിക്റ്റ് ബോർഡുമായി ആലോചിച്ചിട്ടാണു് ഇതച്ചടിച്ചതു്. അതു് അച്ചടിച്ച പ്ലാൻ ബോർഡിന്റെ ആലോചനയ്ക്കുവച്ചു. ബോർഡിന്റെ ആലോചനയ്ക്കുശേഷം പിന്നീടും അതച്ചടിക്കുകയാണു ചെയ്തതു്. ഇനിയും ഒന്നുകൂടി അച്ചടിക്കണമെന്നു പറഞ്ഞാൽ അതു ഇക്കാര്യം ചെലവുവഴിക്കുവാൻ സാധ്യമല്ലാതെ വരും.

മാനേജ്മെന്റ് സ്കൂളുകൾ പൂട്ടിയിടുന്ന പക്ഷം എടുക്കുന്ന നടപടി.

* 1506. [18] ശ്രീ. പി. എസ്സ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അധ്യയനവർഷത്തിൽ പ്രൈവറ്റ് മാനേജ്മെന്റിലുള്ള സ്കൂളുകൾ പൂട്ടിയിടുന്നപക്ഷം, അങ്ങനെയുള്ള സ്ഥലങ്ങളിൽ വേറെ സ്കൂളുകൾ തുറന്നു് അധ്യയനം നടത്തിക്കൊള്ളാമെന്നു് ഏതെങ്കിലും വ്യക്തികളോ സംഘടനകളോ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്നും ഏതെല്ലാം ഡിസ്ട്രിക്റ്റുകളിൽ നിന്നാണെന്നും പറയാമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഉണ്ടു്.

(ബി) ആരൊക്കെയാണെന്നു വേർതിരിച്ചു വിവരം കിട്ടിയിട്ടില്ല. പക്ഷേ, ഇതിനകം കുറെയധികം മാനേജ്മെന്റുകളിൽ നിന്നു സ്കൂളുകൾ അടയ്ക്കുമെന്നു ഔദ്യോഗികമായി അറിയുകിട്ടിയിട്ടുണ്ടു്. അധികവും കോട്ടയം ജില്ലയിൽ നിന്നാണു്.

ശ്രീ. പി. ടി. ചാക്കോ : ചോദിച്ച ചോദ്യവും ഉത്തരവുമായിട്ടു ബന്ധമൊന്നുമില്ല. പ്രൈവറ്റ് മാനേജ്മെന്റിലുള്ള സ്കൂളുകൾ പൂട്ടിയിടുന്ന പക്ഷം, അങ്ങനെയുള്ള സ്ഥലങ്ങളിൽ വേറെ സ്കൂളുകൾ തുറന്നു് അധ്യയനം നടത്തിക്കൊള്ളാമെന്നു ഏതെങ്കിലും വ്യക്തികളോ, സംഘടനകളോ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതാരൊക്കെയാണു് എന്നാണു ചോദ്യം. അതിനു ഉത്തരം പറഞ്ഞതു അടയ്ക്കുമെന്നു കുറെപ്പേർ പറഞ്ഞിട്ടുണ്ടു് എന്നാണു്. സ്കൂൾ അടച്ചാൽ അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്കൂളുകൾ തുറന്നു് അധ്യയനം നടത്തിക്കൊള്ളാമെന്നു് ഏതെങ്കിലും ആളുകൾ പറഞ്ഞിട്ടുണ്ടോ എന്നു ചോദിച്ചതിനു് കോട്ടയം ഡിസ്ട്രിക്റ്റിൽ നിന്നു കുറെയധികം ആളുകൾ സ്കൂളുകൾ അടയ്ക്കുമെന്നു പറഞ്ഞു്. എഴുതിട്ടുണ്ടെന്നു ഉത്തരം പറയുന്നതു ശരിയല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സ്കൂളുകൾ അടയ്ക്കുമെന്നു പറഞ്ഞിട്ടുള്ളവർ ഇന്നസ്ഥലത്തുനിന്നാണു് ഉള്ളതെന്നു പറഞ്ഞാൽ മറ്റുള്ള സ്ഥലങ്ങളിൽ സ്കൂളുകൾ നടക്കുമെന്നു വരുന്നതാണു്.

ശ്രീ. കെ. ചാർജ്ജവർ : അടയ്ക്കുന്ന സ്കൂളുകൾക്കു പകരം അവിടെ സ്കൂളുകൾ തുറക്കുവാൻ അനുവദിക്കണമെന്നുപറഞ്ഞു ആരെങ്കിലും ഗവണ്മെന്റിനോടാവശ്യപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly